# സ്ത്രൈണസത്തയുടെ ചോദന

അധികാരത്തിനെതിരെ സ്ത്രീ ഉയർത്തുന്ന പ്രതിരോധമാണ് 'ആരാച്ചാർ' എന്ന നോവൽ. മാധ്യമ പ്രവർത്തനത്തെ—ദൃശ്യമാധ്യമത്തെ തുറന്നു കാട്ടുന്ന ഒരു നോവൽ കൂടിയാണ് ഇത്. കോളനിവത്കൃത ഇന്ത്യയുടെ സിരാകേന്ദ്രമായിരുന്ന കൊൽക്കത്തയെ പശ്ചാത്തലമായി സ്വീകരിച്ചുകൊണ്ട് ബംഗാളി ജീവിതത്തെയും സംസ്കാരത്തെയും അടിസ്ഥാനമാക്കി പുരുഷകേന്ദ്രീകൃതമായ അധികാരഘടനയെ തച്ചുടയ്ക്കുന്ന ഊർജ്ജപ്രവാഹമായി ഈ നോവൽ മാറുന്നു.

അധികാരവ്യവസ്ഥ എക്കാലവും പുരുഷനൊപ്പം നിലനിന്നുകൊണ്ട് സമൂഹത്തിൽ ശക്തമായ വിവേചനം സൃഷ്ടിച്ചിരുന്നു. ഇതിനെ കശക്കിയെറിഞ്ഞെങ്കിൽ മാത്രമേ സമത്വത്തെ സമൂഹത്തിൽ പ്രതിഷ്ഠിക്കാനാവുകയുള്ളൂ എന്നും ഈ നോവൽ സാക്ഷ്യപ്പെടുത്തുന്നു.

എക്കാലവും വീടിന്റെ അകത്തളങ്ങളിൽ വ്യാപരിക്കുന്ന സ്ത്രീയ്ക്ക് ചരിത്രത്തിന്റെ, സംസ്കാരത്തിന്റെ പുറംതിണ്ണകളിലാണ് സ്ഥാനം നൽകിയിരിക്കുന്നത്. തന്റെ സുഖലോലുപതയ്ക്കുള്ള ഉപാധിയായോ ഉപകരണമായോ മാത്രമാണ് പുരുഷൻ എക്കാലവും അവളെ കണ്ടിരുന്നത്. പുരുഷകേന്ദ്രീകൃതമായ ഒരു ലോകത്ത് അവളുടെ മേധയ്ക്കോ, മനസ്സിനോ, വ്യക്തിത്വത്തിനോ, ശരീരത്തിനോ പ്രസക്തിയേയില്ലെന്ന്, അവൾ അധികാരത്തിന് കീഴ്പ്പെട്ട് ഇരിക്കേണ്ടവളാണെന്ന് സമൂഹം കരുതുന്നു.

അധികാരം എന്നും പുരുഷനിൽ കേന്ദ്രീകരിക്കേണ്ട ഒന്നാണെന്നും സ്ത്രീയ്ക്ക് അതിന്റെ പിന്നാമ്പുറങ്ങളിൽ മാത്രമാണ് സ്ഥാനമെന്നും പുരുഷകേന്ദ്രിത സമൂഹം കരുതുന്നു.

ഏതു കാലഘട്ടത്തിലും കുടുംബത്തിലും സമൂഹത്തിലും തൊഴിൽ മേഖലയിലും പുരുഷന്റെ അധികാര പ്രമത്തതയ്ക്കു കീഴിൽ സ്ത്രീകൾ ഞെരിഞ്ഞമരുകയാണ് ചെയ്യുന്നത്. ഇതിനെ വെല്ലുവിളിക്കുകയാണ് 'ആരാച്ചാരി'ലെ നായികയായ ചേതനാഗൃദ്ധാമല്ലിക്. സമത്വത്തിനും നീതിക്കും വേണ്ടിയുള്ള നിരന്തരമായ പോരാട്ടമാണ് ചേതന നടത്തുന്നത്. സ്ത്രീയായിപ്പോയതിന്റെ പേരിൽ അടിച്ചമർത്തപ്പെടുകയും പാർശ്വവത്കരിക്കുകയും ചെയ്യുന്നതിന് എതിരെയുള്ള പ്രതിഷേധം കൂടിയാണ് ചേതനയിലൂടെ ബഹിർഗമിക്കുന്നത്. ഭരണഘടന സത്രീക്കും പുരുഷനും തുല്യാവകാശം വിഭാവന ചെയ്യുമ്പോൾ പോലും പലപ്പോഴും സ്ത്രീ നേരിടേണ്ടിവരുന്നത് അസമത്വങ്ങളും വിവേചനങ്ങളും മാത്രമാണ് സ്ത്രീക്ക് സ്വതന്ത്രമായ അസ്തിത്വത്തിനോ അന്തസ്സിനോ അവകാശമില്ല എന്ന സാമൂഹ്യവ്യവസ്ഥയുടെ അലിഖിതമായ നിയമങ്ങളെ തച്ചുടയ്ക്കാൻ ചേതനക്കു സാധിക്കുന്നു. സ്ത്രീയുടെ ഉൾക്കരുത്ത്, അത് അവൾക്ക് ജനിതകമായി ലഭിക്കുന്നതാണെങ്കിൽപോലും, നിശിതവും തീക്ഷ്ണവുമായ ജീവിതസന്ദർഭങ്ങൾ അനുഭവവേദ്യമാകുമ്പോഴാണ് പ്രകടമാകുന്നത്.

വർത്തമാനത്തിൽ നിന്ന് ചരിത്രത്തിലേയ്ക്കും സ്മൃതിയിലേക്കും സംസ്കാരത്തിന്റെ ഏടുകളിലേക്കും കണ്ണോടിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന ആഖ്യാനതന്ത്രമാണ് ഇതിൽ കെ.ആർ. മീര കൈക്കൊള്ളുന്നത്.

ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മാധ്യമങ്ങൾ സാധാരണക്കാരും നിരാലംബരുമായ മനുഷ്യരുടെ ജീവിതത്തിൽ അടിച്ചേല്പിക്കുന്ന സംസ്കാരം ഇരട്ടമുഖങ്ങളുടേതാണ്. സമൂഹത്തോടോ, നിസ്സഹായരും പതിതരുമായ സാധാരണ മനുഷ്യരോടോ യാതൊരു പ്രതിബദ്ധതയും കാണിക്കാത്ത മാധ്യമങ്ങളുടെ കടന്നുകയറ്റത്തെ ശക്തമായി പ്രതിരോധിക്കുന്നു 'ആരാച്ചാർ' എന്ന നോവൽ. ചേതന എന്ന കഥാപാത്രം പുതിയ കാലഘട്ടത്തിലെ മാധ്യമ സംസ്കാരത്തിന്റെ പൊള്ളത്തരങ്ങളെ വാർത്താമൂല്യത്തിനുവേണ്ടി ഏതറ്റംവരെയും പോകാനുള്ള നവദൃശ്യമാധ്യമങ്ങളുടെ മാനസികാവസ്ഥയെയും 'ആരാച്ചാർ' ആവിഷ്കരിക്കുന്നു.

സമത്വത്തെക്കുറിച്ച് ആവേശം കൊള്ളുമ്പോഴും തൊഴിലിടങ്ങളിലും, കുടുംബങ്ങളിലും സമൂഹത്തിലും അദൃശ്യമായ വിലക്കുകൾ കൊണ്ട് പുരുഷന്റെ അധികാരപ്രമത്തത സ്ത്രീയ്ക്കു മുകളിൽ ആധിപത്യമുറപ്പിക്കുന്നു. മനുഷ്യബന്ധങ്ങളിലെ സങ്കീർണ്ണതകളും അതു സൃഷ്ടിക്കുന്ന മാനസിക വ്യാപാരങ്ങളും ആരാച്ചാരിൽ പ്രകടമാണ്. ചൂഷകനുമാത്രമല്ല ചൂഷിതയ്ക്കും സാമൂഹികവ്യവസ്ഥയ്ക്കുമേൽ ആധിപത്യമുറപ്പിക്കാനാവുമെന്ന് ചേതന കാട്ടിത്തരുന്നു.

ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് എന്ന തന്റെ പിതാവിന് ആരാച്ചാരുടെ ജോലി ഏറ്റെടുക്കാൻ പ്രായം ഒരു തടസ്സമായപ്പോൾ വിധി, താല്പര്യമില്ലെങ്കിൽ പോലും ഇഷ്ടദാനമായി, ചേതനയ്ക്കു നല്കുകയായിരുന്നു ആരാച്ചാരുടെ ജോലി. നന്ദരാജാക്കന്മാരുടെ കാലംമുതൽ ക്രിസ്തുവിനും 420 കൊല്ലം പുറകിലേക്ക് വേരുകളുള്ള ചാതുർവർണ്ണ്യ വ്യവസ്ഥയെക്കാൾ പഴക്കമുള്ള കുടുംബപാരമ്പര്യമാണ് തങ്ങൾക്കുള്ളത് എന്നതിൽ അഭിമാനം കൊള്ളുന്ന ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്.

അമ്മയുടെ ഗർഭപാത്രത്തിൽ തന്നെ ഞരമ്പുകളാൽ കുട്ടിക്കെട്ടി കിടക്കുകയായിരുന്ന ചേതന ഭ്രൂണാവസ്ഥയിൽ പോലും ഉണ്ടാക്കിയത് ലക്ഷണമൊത്ത കുടുക്കായിരുന്നുവെന്ന് 'ഥാക്കുമാ' ഊറ്റം കൊള്ളുമ്പോൾ, പാരമ്പര്യവും ആരാച്ചാരുടെ ജോലിയിൽ നിർണ്ണായകമായ ഒരു ഘടകമാണ് എന്ന് നോവലിസ്റ്റ് ചൂണ്ടിക്കാണിക്കുന്നു. 451 പേരെ തൂക്കിലേറ്റിയ ആരാച്ചാരാണ് താനെന്ന് ഫണിഭൂഷൻ ഗൃദ്ധാ മല്ലിക് കൂടെക്കൂടെ കേൾവിക്കാരെ ഓർമ്മിപ്പിക്കുകയും തന്റെ പൂർവ്വപിതാക്കന്മാരുടെ ചരിത്രം തന്മയത്വത്തോടെ ആവിഷ്കരിക്കുകയും ചെയ്യുന്നതിലൂടെ ഏതു കൊടുങ്കാറ്റിലും ഉലയാത്ത, ഏതു പ്രതിസന്ധികളെയും അതിജീവിക്കാനാവുന്ന മഹാമേരുവാണ് താനെന്നും തന്റെ വേരുകൾ മണ്ണിലാഴ്ന്നു നില്ക്കുന്നവയാണെന്നും അയാൾ ഉറച്ചു വിശ്വസിക്കുന്നു.

ഗൃദ്ധാ മല്ലിക്കിന്റെ മകളായ ചേതനയ്ക്കാകട്ടെ അഞ്ചുവയസ്സു മുതൽ കുടുക്ക് ഒരു പ്രലോഭനവും പലപ്പോഴും പ്രതിരോധവുമായി മാറുന്നതും നോവൽ കാണിച്ചു തരുന്നു. തന്റെ മാനത്തിന് വില പറയാൻ തുനിയുന്ന മാരുതിപ്രസാദ് യാദവിനുമേൽ കണ്ണിമവെട്ടുന്നതിനു മുമ്പേ കുടുക്കുണ്ടാക്കി വരണമാല്യം പോലെ അണിയിക്കുന്ന ചേതനയുടെ പ്രവൃത്തി ആരാച്ചാരുടെ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ പുരുഷനു മാത്രമല്ല സ്ത്രീക്കും സാധിക്കുമെന്നും പുരുഷനു കണ്ടെടുക്കാവുന്ന ലോകത്തിനപ്പുറത്തേക്ക് നിരാലംബയും നിസ്സഹായയും എന്ന മുദ്ര കുത്തപ്പെട്ട സ്ത്രീയ്ക്കു പോകാനാവുമെന്നും തെളിയിക്കുന്നു.

ആരാച്ചാരുടെ പ്രവൃത്തിയിലേക്ക് പ്രവേശിക്കുന്നതിനു മുൻപു തന്നെ 727 തരത്തിൽ ഒരു മനുഷ്യനെ തൂക്കിലേറ്റാമെന്ന് ചേതന മനസ്സിലാക്കിയിരുന്നു. പുരുഷന്മാർക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടത് എന്ന് മുദ്രകുത്തിയ ഒരു മേഖലയിലേക്ക്– ചക്രവ്യൂഹത്തിലേക്ക് ചുവടുകൾ വെയ്ക്കുന്ന സ്ത്രീകൾക്കുണ്ടാവുന്ന മാനസികവും ശാരീരികവുമായ പരിണാമം ചേതനയിലും പ്രകടമാണ്. കാലങ്ങളായുള്ള സ്ത്രീകളുടെ ചരിത്രപരവും രാഷ്ട്രീയവുമായ അവസ്ഥകളെ വൈകാരിക ചരിത്രമായി– ചേതന എന്ന പെൺകുട്ടിയിൽനിന്ന് ആദ്യത്തെ വനിതാ ആരാച്ചാർ എന്ന പദവിയിലേക്കുള്ള അവളുടെ പരിണാമത്തെ സൂക്ഷ്മമായും അവഗാഹത്തോടു കൂടിയും ഈ നോവൽ അടയാളപ്പെടുത്തിയിരിക്കുന്നു.

ഉത്തരാധുനികത സൃഷ്ടിക്കുന്നത് കമ്പോളീകൃത സമൂഹത്തെയാണ്. അവിടെ മൂല്യമുള്ളത് ഏതിനെന്നും മൂല്യമില്ലാത്തത് ഏതിനെന്നുമുള്ള പ്രതിസന്ധികൾ വർത്തമാനകാലത്തുണ്ട്. എവിടെയും കമ്പോളവത്ക്കരണം പുരുഷകേന്ദ്രിതമാണ്. അത് സ്ത്രീകൾക്കുമേൽ സംഘർഷങ്ങളും പ്രതിരോധങ്ങളുമാണ് സൃഷ്ടിക്കുന്നത്. സഞ്ജീവ് കുമാർ മിത്രയും ഈ കാലഘട്ടത്തിന്റെ പ്രതിനിധിയാണ്. സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്തിൽ നില്ക്കുമ്പോഴും പലപ്പോഴും ഭീരുവായി അയാൾ മാറുന്നുണ്ട്. സത്യം, നീതി, യാഥാർത്ഥ്യം, തുടങ്ങിയ അടിസ്ഥാനശിലകളെ പോലും വെല്ലുവിളിക്കുന്ന കമ്പോളവ്യവസ്ഥയുടെ പ്രതിനിധി കൂടിയാണ് അയാൾ.

വർത്തമാനയുഗത്തിൽ ഏറ്റവുമധികം വാർത്താമൂല്യമുള്ളതിനെ ചൂഴ്ന്നെടുക്കാനുള്ള ദൃശ്യമാധ്യമങ്ങളുടെ ദുരാർത്തിയും ഇവിടെ പ്രകടമാകുന്നു. സഹജീവിയുടെ വേദനയും യാതനയും വിപണിമൂല്യത്തിൽ മാത്രം നോക്കിക്കാണുന്ന പുതുകാലഘട്ട വാർത്താസംസ്കാരത്തിന്റെ യഥാർത്ഥ സ്വഭാവവും ധാർമ്മികമൂല്യങ്ങളെ ചവിട്ടിമെതിക്കുന്നതും നോവലിൽ ആവിഷ്കരിക്കുന്നു. വാർത്തകൾ സൃഷ്ടിക്കുന്നതിന് ഏത് വളഞ്ഞ വഴിയും സ്വീകരിക്കാൻ പുതുതലമുറ മാധ്യമങ്ങൾ മടിക്കുന്നില്ല എന്നതും സത്യം, ധർമ്മം, നീതി തുടങ്ങിയ സാമൂഹിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കേണ്ടവർതന്നെ അതിൽനിന്ന് വ്യതിചലിക്കുന്നതും 'ആരാച്ചാർ' അടയാളപ്പെടുത്തിയിരിക്കുന്നു.

സി.എൻ.ബി. എന്ന വാർത്താ ചാനലിലെ സഞ്ജീവ് കുമാർ മിത്രയെന്ന ജേർണലിസ്റ്റാണ് 'ചേതന' എന്ന സ്ത്രീ ആരാച്ചാരുടെ വാർത്താമൂല്യം ആദ്യം കണ്ടെത്തുന്നത്. എത്രയൊക്കെയായാലും

'സ്ത്രീ' സ്ത്രീ മാത്രമാണെന്നും ഒരു വധശിക്ഷ നിർവ്വഹിക്കുവാൻ തക്ക മാനസികമോ, ശാരീരികമോ ആയ ശക്തി അവൾക്കില്ല എന്ന ഭരണ കൂടത്തിന്റെ വാദത്തെ മുൻനിർത്തി, സ്ത്രീ സംവരണത്തിന്റെ ഈ കാല ഘട്ടത്തിൽ സ്ത്രീയ്ക്ക് 'ആരാച്ചാർ' ജോലി ചെയ്യാനാകുമോ എന്ന ചോദ്യം ചേതനയ്ക്കു മുന്നിലേക്കു മാത്രമല്ല, സമൂഹത്തോടൊന്നാകെ ചോദി ക്കുന്ന ഈ ജേർണലിസ്റ്റ് കണ്ടെടുക്കുന്നത് ഒരു വലിയ വാർത്താ സാദ്ധ്യതയെയായിരുന്നു.

യതീന്ദ്രനാഥ് ബാനർജിയുടെ വധശിക്ഷ എന്തിനുവേണ്ടിയായിരു ന്നു എന്നതിലല്ല ചേതനയെന്ന സ്ത്രീ ആരാച്ചാരാവുന്നതിലെ വാർത്താമൂ ല്യത്തിനാണ് സി.എൻ.ബി. എന്ന ചാനൽ ഊന്നൽ നല്കുന്നത്. സംഭവ ങ്ങളുടെ ഒരു പരമ്പരയ്ക്കു ശേഷം ഇന്ത്യയിലെ ആദ്യത്തെ ഔദ്യോഗിക വനിതാ ആരാച്ചാരായിമാറുന്ന ചേതന അതോടുകൂടി സമകാലിക ടെലിവിഷൻ ചാനലുകളുടെ ഒരുപകരണമായി മാറുന്നു. അതിനു നിമിത്തമാകുന്നതാകട്ടെ പുരുഷാധിപത്യത്തിന്റെ പ്രതിരൂപങ്ങളായ ഫണീഭൂഷൺ ഗ്രദ്ധാ മല്ലിക്കിന്റെയും സഞ്ജീവ് കുമാർ മിത്രയുടെയും ഇടപെടലുകൾ കൂടിയായിരുന്നു. ഭരണകൂടത്തിന്റെ ഉപകരണം മാത്രമാ യിട്ടല്ല തന്റെ പിതാവിന്റെ അഭിലാഷങ്ങളുടെ പൂർത്തീകരണവും തന്നി ലൂടെയാണെന്ന് ചേതന പല ഘട്ടങ്ങളിലും തിരിച്ചറിയുന്നുണ്ട്.

പുരുഷാധിപത്യത്തിന്റെ പ്രതിരൂപമായ സഞ്ജീവ് കുമാർ മിത്ര ചേതനയ്ക്കു നേരെ സ്വേച്ഛാധിപത്യത്തോടെയുള്ള ഒരു സമീപനമാണ് കൈകൊള്ളുന്നത്. പ്രണയമെന്ന മൂടുപടമണിഞ്ഞാൽ ഏതൊരു ഇന്ത്യൻ സ്ത്രീയുടെയും ഉള്ളിലുള്ള മൃദുലഭാവങ്ങളെ തൊട്ടുണർത്താനാ കുമെന്നും അതിലൂടെ അവളെ ചൂഷണം ചെയ്യാനാകുമെന്നും ധരിച്ചുവ ച്ചിരിക്കുന്ന സഞ്ജീവ് കുമാർ മിത്ര ചേതനയിലും അപ്രകാരം തന്നെ പ്രവർത്തിക്കുന്നു.

പുരുഷാധികാരത്തിന്റെ നിന്ദ്യമായ രണ്ടുമുഖങ്ങൾ—ഫണീഭൂഷൺ ഗ്രദ്ധാ മല്ലിക്കിന്റെയും സഞ്ജീവ് കുമാർ മിത്രയുടെയും—ക്കിടയിൽ പെട്ട് ഞെരിഞ്ഞമരുന്ന ചേതന നിരന്തരമായ അവഗണനയും, പരിഹാസവും, ശാരീരികവും മാനസികവുമായ പീഡനങ്ങളും ഏറ്റുവാങ്ങുന്ന ശരാശരി ഇന്ത്യൻ സ്ത്രീയുടെ തന്നെ മറ്റൊരു മുഖമാണ്. സഹനത്തിന്റെ എല്ലാ അതിരുകളും ലംഘിക്കപ്പെടുമ്പോൾ അവളുടെയുള്ളിൽനിന്ന് പ്രതി ഷേധത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ ഉണ്ടാവുകതന്നെ ചെയ്യും. പുരുഷ വർഗ്ഗം സൃഷ്ടിച്ച അധികാരവലയങ്ങളെ ഭേദിക്കാനും അതിനെതിരെ

ശക്തിയായി നിലകൊള്ളാനും പ്രതികരിക്കാനും ചേതനയ്ക്കു സാധിക്കു ന്നുണ്ട്. അഹങ്കാരവും ആർത്തിയും അധീശത്വവും നിറഞ്ഞ സഞ്ജീവ് കുമാർ മിത്രയുടെ അധികാരത്തിനെതിരെ അവൾ പ്രതിരോധിക്കു ന്നത് മരണത്തിന്റെ കുടുക്ക് സൃഷ്ടിച്ചുകൊണ്ടാണ്. "നിന്നെ എനി ക്കൊന്ന് അനുഭവിക്കണം" എന്നു പറയുന്ന സഞ്ജീവ് കുമാർ മിത്രയെ വെറുതെ വിട്ടുകളയാൻ അവൾക്കാവുന്നില്ല. സ്റ്റുഡിയോയിലെ കഴുമര ത്തിൽ സഞ്ജീവ് കുമാർ മിത്ര അവസാനിക്കുമ്പോൾ തന്റെ ജീവിത ത്തെയും വ്യക്തിത്വത്തെയും അവഗണിച്ച്, സ്നേഹം നടിച്ച് തന്നെ പുരു ഷാധീശത്വത്തിനു കീഴിൽ ഞെരിച്ചമർത്തിയവനോടുള്ള ശാന്തമായ പ്രതികാരമാണ് ചേതന സാധ്യമാക്കുന്നത്. എനിക്കു നിന്നെ ഒരിക്ക ലെങ്കിലും അനുഭവിക്കണം എന്ന് തന്നോട് സഞ്ജീവ് പറയുന്ന അതേ ഡയലോഗ് അവൾ പ്രവർത്തിച്ചു കാണിക്കുന്നു. അയാളെ തൂക്കിലേ റ്റുന്നതിലൂടെ സ്ത്രീസമൂഹത്തിന്റെ നേർക്കുള്ള പുരുഷാധികാരത്തിന്റെ അഹങ്കാരത്തെ തൂക്കിലേറ്റുകയാണ് ചേതന ചെയ്തത്. അതു മാത്രമല്ല, കോർപ്പറേറ്റ് മാധ്യമ സംസ്കാരത്തിന്റെ നേർക്കുള്ള, മാധ്യമ നീതിക്കു നേർക്കുള്ള പ്രതികരണം കൂടിയായിരുന്നു അത്. തന്നെ അവഗണിച്ചവ രോടും അപമാനിച്ചവരോടും മുറിവേല്പിച്ചവരോടുമുള്ള അടങ്ങാത്ത പക കനലായി മനസ്സിൽ സൂക്ഷിക്കുന്ന സ്ത്രൈണസത്തയുടെ ചോദനയായി ചേതന മാറുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. 'ആരാച്ചാർ'—കെ. ആർ. മീര
2. 'ആരാച്ചാർ' പഠനങ്ങൾ—എഡിറ്റർ: സി. അശോകൻ
3. Review about Hang Woman by Shahanas Habeeb (Open Magazine)
4. ഇന്ത്യാ ടുഡെ റിവ്യൂ—അഭിരാമി ശ്രീറാം

ധന്യ.എസ്.പണിക്കർ
അസി.പ്രൊഫസർ
കെ.കെ.ടി.എം. ഗവ.കോളേജ്,
പുല്ലൂറ്റ്